കർഷക കടാശ്വാസ കമ്മീഷൻ

146 (3351) ശ്രീ. ഇ. പി. ജയരാജൻ :
ശ്രീ. കെ. കെ. ജയചന്ദ്രൻ :
ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ:
ശ്രീ സി.കൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കർഷക കടാശ്വാസ കമ്മീഷന്റെ കാലാവധി എത്ര വർഷത്തേയ്ക്ക് ദീർഘിപ്പിക്കുവാൻ തീരുമാനിച്ചെന്ന് വ്യക്തമാക്കാമോ ;

(ബി) കാലവർഷക്കെടുതിയിൽ കൃഷിനാശം സംഭവിച്ച കർഷകരെ ആത്മഹത്യയിൽ നിന്നും രക്ഷിക്കാൻ അടിയന്തര നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) സംസ്ഥാന കർഷക കടാശ്വാസ കമ്മീഷന്റെ കാലാവധി 2015 മേയ് 21-ാം തീയതി മുതൽ മൂന്ന് വർഷത്തേയ്ക്ക് ദീർഘിപ്പിച്ചിട്ടുണ്ട്.

(ബി) പ്രകൃതിക്ഷോഭംമൂലമുണ്ടാകുന്ന കൃഷിനാശത്തിന് സ്റ്റേറ്റ് ഡിസാസ്റ്റർ റെസ്പോൺസ് ഫണ്ടിൽ (SDRF) നിന്ന് ധനസഹായം നൽകുന്നുണ്ട്. കൂടാതെ കൃഷി നശിച്ച കർഷകർക്ക് വീണ്ടും വിതയ്ക്കുന്നതിനായി " കണ്ടിജൻസി പ്രോഗ്രാം ടു മീറ്റ് നാച്ചുറൽ കലാമിറ്റി" എന്ന പദ്ധതി പ്രകാരം സൗജന്യ നിരക്കിൽ വിത്ത് നൽകുന്നുണ്ട്.

11-06-2012-ലെ സ.ഉ.(എം.എസ്.) നമ്പർ 239/2012/ഡി.എം.ഡി. ഉത്തരവ് പ്രകാരം നിശ്ചയിച്ചിരുന്ന നിരക്കിലാണ് സ്റ്റേറ്റ് ഡിസാസ്റ്റർ റെസ്പോൺസ് ഫണ്ടിൽ (SDRF) നിന്ന് ധനസഹായം നൽകിയിരുന്നത്. SDRF-ൽ നിന്ന് ധനസഹായം നൽകുന്നതിന്റെ മാനദണ്ഡം അതതു കാലത്ത് കേന്ദ്ര സർക്കാർ പരിഷ്കരിക്കാറുണ്ട്. അതനുസരിച്ച് 1-03-2013 മുതൽ പ്രാബല്യത്തിൽ പുറപ്പെടുവിച്ച 25-10-2013-ലെ ജി.ഒ. (എം.എസ്.) നമ്പർ 470/2013/ഡി.എം.ഡി. ഉത്തരവും ഇതേ രീതിയിൽ തുടർന്ന് പുറപ്പെടുവിച്ചിട്ടുള്ള ഉത്തരവുകളും പ്രകാരം, കൃഷിനാശത്തിന് നൽകി വന്നിരുന്ന ധനസഹായത്തിൽ കുറവ് വരികയുണ്ടായി. ആയത് നികത്തുന്നതിന് ആവശ്യമായ തുക കൃഷി വകുപ്പിന്റെ ഫണ്ടിൽനിന്ന് ചെലവഴിക്കുന്നതിന് 1-04-2015 മുതൽ പ്രാബല്യത്തിൽ ഉത്തരവായിട്ടുണ്ട്.

റബ്ബർ കർഷകരെ സഹായിക്കൽ

147 (3352) ശ്രീ. കെ. കെ. നാരായണൻ : താഴെ കാണുന്ന ചോദ്യത്തിന് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

റബ്ബർ കർഷകരെ സഹായിക്കുന്നതിന് നടപ്പിലാക്കിയ പദ്ധതികളുടെ ഭാഗമായി കർഷകർക്ക്എത്ര രൂപ ലഭ്യമായിട്ടുണ്ടെന്ന് പദ്ധതി തിരിച്ച് വിശദമാക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly